# 8 യുദ്ധത്തിന്റെ പരിണാമം

**കുട്ടികൃഷ്ണമാരാർ**

ഭാരതപര്യടനം എന്ന നിരൂപണഗ്രന്ഥത്തിലെ പതിനാലാം അധ്യായത്തിൽ നിന്നെടുത്ത 1,3,4 ഭാഗങ്ങളാണ് പാഠത്തിൽ കൊടുത്തിരിക്കുന്നത്.ഇതിൽ തന്നെ കുറച്ച് ഭാഗങ്ങൾ പാഠത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

- ☞ മഹാഭാരതത്തിന് വ്യത്യസ്ത കാലങ്ങളിൽ വ്യത്യസ്ത വായനകൾ ഉണ്ടായിട്ടുണ്ട്.
- ☞ മാരാർക്കു മുമ്പും ശേഷവും വേറെയും ചിലർ മഹാഭാരതം വായിക്കുകയും നിരീക്ഷണങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. സമീപകാലത്ത് കെ.സി.നാരായണൻ,സുനിൽ.പി. ഇളയിടം,ജയമോഹൻ,കെ.എസ്.രാധാകൃഷ്ണൻ തുടങ്ങിയവരും തങ്ങളുടെ വായനാനുഭവത്തെ പലതരത്തിൽ പകർത്തിവെച്ചു.മഹാഭാരതത്തെ അടിസ്ഥാനമാക്കി ഒട്ടേറെ നോവലുകളും കാവ്യങ്ങളും രചിയ്ക്കപ്പെട്ടിട്ടുണ്ട്
- ☞ 1948 ൽ ഭാരതപര്യടനം പുറത്തിറങ്ങി.
- ☞ മാരാരുടെ ഏറെ ചർച്ചചെയ്യപ്പെട്ട കൃതിയാണ് ഇത്. മഹാഭാരതത്തിലെ പ്രധാന സന്ദർഭങ്ങൾ ആഴത്തിൽ പരിശോധിക്കുകയാണ് മാരാർ. കഥാപാത്രങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടാണ് ഓരോ സന്ദർഭങ്ങളെയും മാരാർ വിശകലനം ചെയ്യുന്നത്. എല്ലാ കഥാപാത്രങ്ങളെയും വിശകലനം ചെയ്യുന്ന മാരാർ അവരിലുള്ള നന്മതിന്മകളെ വിലയിരുത്തുന്നു.
- ☞ ധർമബോധവും യുക്തി ചിന്തയും നിഴലിക്കുന്ന മാരാരുടെ മഹാഭാരത വായന ഏറെ മികവ് പുലർത്തുന്നു.
- ☞ മഹാഭാരത കഥാപാത്രങ്ങളെ ദൈവിക പരിവേഷത്തെ ഒഴിവാക്കി തികച്ചും മനുഷ്യകഥാപാത്രങ്ങളായി കണ്ട് വിശകലനം ചെയ്യാനാണ് ലേഖകൻ ശ്രമിച്ചിരിക്കുന്നത്. മഹാഭാരതയുദ്ധത്തിന്റെ അവസാനം പൈശാചികമാണ് എന്ന് മാരാർ കണ്ടെത്തുന്നു.

## മഹാഭാരതം



- വലുപ്പം കൊണ്ടും അവതരിപ്പിച്ച വസ്തുതകൾ കൊണ്ടും ലോകത്തെ മുഴുവൻ അതിശയിപ്പിച്ച ഗ്രന്ഥമാണ് മഹാഭാരതം.
- മഹാഭാരതം ഇതിഹാസമാണ്.ധർമം,അർത്ഥം,കാമം,മോക്ഷം എന്നിവയുടെ സമഗ്രമായ ചിത്രീകരണവും തത്വാവതരണവുമാണ് ഇതിഹാസങ്ങൾ
- ജയസംഹിത എന്നും പേരുണ്ട്.
- വ്യാസൻ രചിച്ചു. വ്യാസന്റെ യഥാർഥ പേര് കൃഷ്ണദ്വൈപായനൻ എന്നാണ്.
- 18 ഭാഗങ്ങളാണ് ഈ കൃതിയ്ക്ക് ഉള്ളത്.18 ദിവസമാണ് യുദ്ധം. 18 അക്ഷൗഹിണി പടകളും യുദ്ധത്തിൽ അണിനിരന്നു
- കുരുക്ഷേത്ര യുദ്ധത്തിന്റെ ആദ്യ പത്തു ദിവസങ്ങളിൽ ഭീഷ്മരും അടുത്ത അഞ്ചു ദിനങ്ങളിൽ ദ്രോണരും അടുത്ത രണ്ടു ദിവസം കർണനും അവസാന ദിവസമായ പതി

നെട്ടാം ദിവസം ശല്യരും കൗരവരുടെ സർവസൈന്യാധിപൻമാരായി യുദ്ധം നയിച്ചു.ഒടുവിൽ അശ്വത്ഥാമാവും സർവസൈന്യാധിപനായി.

- ഭീഷ്മ പർവത്തിലെ 25 മുതൽ 45 വരെയുള്ള അധ്യായങ്ങളിലായി ഭഗവത്ഗീത അവതരിപ്പിച്ചിരിക്കുന്നു.

**യുദ്ധത്തെക്കുറിച്ച്...................**

- ഭയം ഗ്രസിച്ചിരിക്കുന്നവർ മാത്രമേ തോക്കും അതുപോലുള്ള ആയുധങ്ങളും എടുക്കുകയുള്ളൂ. – ഗാന്ധിജി
- എല്ലാ മനുഷ്യർക്കും വേണ്ടത് സമാധാനം.പക്ഷേ യുദ്ധം അവസാനിപ്പിക്കാൻ ആർക്കും കഴിയുന്നില്ല – ലിയോ ടോൾസ്റ്റോയി
- അന്താരാഷ്ട്ര നിയമങ്ങളും മനുഷ്യാവകാശ ഉടമ്പടികളും കാറ്റിൽ പറത്തിക്കൊണ്ട് ഇന്ന് സാമ്രാജ്യത്വശക്തികൾ ഭൂമുഖത്താകെ യുദ്ധങ്ങൾ അഴിച്ചു വിടുന്നു. ലോകത്തിന്റെ വിധി ഒന്നായി കൂട്ടികെട്ടപ്പെട്ടിരിക്കുന്നു .ഇനിയൊരു അണുയുദ്ധം ഉണ്ടായാൽ ആരും അതിനെ അതിജീവിക്കില്ല . ഒന്നുകിൽ ഒറ്റക്കെട്ടായി ജീവിക്കാം അല്ലെങ്കിൽ ഒറ്റക്കെട്ടായി മരിക്കാം – ഡോ:എസ് രാധാകൃഷ്ണൻ
- എല്ലാ രാജ്യത്തിനും പ്രതിരോധമന്ത്രിയുണ്ട് .എന്നാൽ ഒരു രാജ്യത്തിനും ആക്രമണ മന്ത്രിയില്ല – എം.എൻ.വിജയൻ
- ചരിത്രത്തിൽ നിന്നും നാം പഠിക്കുന്ന പാഠം ചരിത്രത്തിൽ നിന്നും നാം ഒന്നും പഠിക്കുന്നില്ല എന്നതാണ് – എം.എൻ. വിജയൻ
- അധികാരത്തിനും അധിനിവേശത്തിനും വേണ്ടിയുള്ള സ്വാർത്ഥ താൽപ്പര്യങ്ങളാണ് മനുഷ്യകുലത്തെ വെട്ടിമുറിക്കാൻ പ്രേരണയായത്.പലകാലഘട്ടത്തിലും ഇത്തരം കീഴടക്കലുകൾ ചരിത്രത്തിൽ സ്ഥാനം പിടിച്ചിരുന്നു .പ്രകൃതി വിഭവങ്ങൾക്കുവേണ്ടി ഒരു വിഭാഗം ഭൂരിപക്ഷം വരുന്ന സാധാരണക്കാർക്കുമേൽ യുദ്ധം അടിച്ചേൽപ്പിക്കുന്നു.
- യുദ്ധചരിത്രവും അതിന്റെ ഫലങ്ങളും പഠിക്കുന്നത് സമൂഹം ആ ചരിത്രത്തിൽ നിന്നും പാഠമുൾക്കൊണ്ട് ഇനിയൊരു യുദ്ധമുണ്ടാകാതിരിക്കാനാണ് .എന്നാൽ മനുഷ്യൻ വീണ്ടും യുദ്ധമുണ്ടാക്കുകയാണ് .ചരിത്രത്തിൽ നിന്നും പഠിക്കേണ്ട പാഠം ആരും പഠിച്ചിട്ടില്ല.

## യുദ്ധത്തിന്റെ പരിണാമം – പാഠസംഗ്രഹം സൂചനകളിലൂടെ



- കുരുക്ഷേത്ര ഭൂമിയെ ധർമക്ഷേത്രമെന്നു വിശേഷിപ്പിക്കുന്നു.
- യുദ്ധം തുടങ്ങുമ്പോൾ പാണ്ഡവരും കൗരവരും തമ്മിൽ ഒരു കരാർ ഉണ്ടാക്കിയിരുന്നു. കരാർപ്രകാരം യുദ്ധം തുടങ്ങുന്നതിനും അവസാനിക്കുന്നതിനും കൃത്യസമയമുണ്ട്. ഈ സമയത്തല്ലാത്ത സമയങ്ങളിൽ രണ്ടു കക്ഷികളും സൗഹൃദത്തോടെ കഴിയണം.യുദ്ധരീതികളും യുദ്ധത്തിൻ പാലിക്കേണ്ട നിയമങ്ങളും സത്യധർമങ്ങളെക്കുറിച്ചും കരാറിൽ പരമാർശിക്കുന്നു.
- എതിരാളികളുടെ കുറവ് കൊണ്ടല്ല.സ്വന്തം മികവ് കൊണ്ട് തന്നെ വിജയിക്കാൻ ശ്രമിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. കുരുക്ഷേത്രയുദ്ധത്തെ ധർമയുദ്ധമായി സങ്കല്പിക്കുന്നു..
- യുദ്ധത്തിന്റെ ആദ്യ ദിവസങ്ങളിൽ കരാർ പാലിക്കപ്പെട്ടു. പിന്നീട് ഓരോന്നായി ലംഘിക്കപ്പെ

ട്ടു.

• പാണ്ഡവർ എതിർപക്ഷത്തെ മിക്ക യോദ്ധാക്കളെയും വധിച്ചത് യുദ്ധധർമത്തിന് എതിരായി ട്ടാണ്.

• വല്ലപാടും നേടിയ വിജയമെന്നാണ് മാരാർ പാണ്ഡവരുടെ വിജയത്തെ വിശേഷിപ്പിക്കുന്നത്. പാണ്ഡവർ യുദ്ധ വിജയത്തിനു ശേഷം ജയഘോഷത്തോടെ തങ്ങളുടെ കൂടാരത്തിലേക്ക് പോയി.

• യുദ്ധ ഭൂമിയിൽ തുട ചതഞ്ഞുവീണ് ചുറ്റുപാടും നോക്കിക്കൊണ്ടു കിടക്കുന്ന ദുര്യോധനനെ കാണാൻ സഞ്ജയൻ വന്നു.

• അത്യധികം വൈകാരികമായി പാമ്പിനെപ്പോലെ ചീറ്റി കൊണ്ടും കണ്ണുകളിൽ കോപാശ്രു നിറച്ചും സഞ്ജയനോട് ദുര്യോധനൻ സംസാരിച്ചു.

• ശക്തരായ പലരും കൂടെ ഉണ്ടായിട്ടും തനിയ്ക്ക് ഈ ഗതി വന്നു എന്നും വിധിയെ ആർക്കും മറികടക്കാൻ ആവില്ലെന്നും ദുര്യോധനൻ പറഞ്ഞു.

• തന്റെ കൂട്ടത്തിൽ ബാക്കിയുള്ളവർക്ക് നൽകാനുള്ള ഉപദേശം ദുര്യോധനൻ സഞ്ജയനോട് പറയുന്നു.

• പാണ്ഡവരെ വിശ്വസിക്കരുതെന്നും അവർ യുദ്ധനിയമം തെറ്റിച്ചാണ് എന്നെയുൾപ്പെടെ പല രെയും വീഴ്ത്തിയതെന്നും പറഞ്ഞു.(ഭീഷ്മർ,ദ്രോണർ,കർണൻ,ദുര്യോധനൻ തുടങ്ങിയവരെ യെല്ലാം ചതിയിലൂടെയാണ് വീഴ്ത്തിയത്.)

• സജ്ജനങ്ങൾക്കിടയിൽ തങ്ങൾ ചെയ്ത തെറ്റുകളോർത്ത് പാണ്ഡവർ ലജ്ജിക്കുമെന്നും ദുര്യോ ധനൻ പറയുന്നു.

• ഇനി ഒരിക്കലും എഴുന്നേൽക്കാൻ കഴിയാത്ത എന്റെ തലയിൽ ഭീമൻ കാൽ വെച്ചു. എതിർക്കാൻ കഴിയുന്ന രീതിയിൽ കരുത്തോടെ നിൽക്കുന്ന ഒരാളോടാണ് ഇങ്ങനെ ചെയ്തതെങ്കിൽ അയാളെ ബഹുമാനിക്കാമായിരുന്നു.

• ഭരിക്കേണ്ടവരെ ഭരിച്ചും ഭൂമി അടക്കിവാണും ശത്രുക്കളെ കീഴടക്കിയുമാണ് താൻ മുന്നേറി യതും പ്രധാനാരായ രാജാക്കൻമാരുടെ മേൽക്കോയ്മ നേടിയതും. എന്റെതിനേക്കാൾ നല്ല അവ സാനം മറ്റാർക്കും ഇല്ലെന്നും ശത്രുക്കൾക്ക് കീഴടങ്ങിയിട്ടല്ല അവർ ജയിച്ചതെന്നും എന്റെ ഐശ്വര്യം മുഴുവൻ ഞാൻ മരിച്ചിട്ടാണ് പാണ്ഡവരിലേക്ക് ചെല്ലുന്നതെന്നും അച്ഛനോടും അമ്മ യോടും പറയണമെന്നും ദുര്യോധൻ സഞ്ജയനോട് പറയുന്നു.

• അശ്വത്ഥാമാവ്,കൃപർ, കൃതവർമാവ് എന്നിവരോട് പാണ്ഡവരെ വിശ്വസിക്കരുതെന്നു പറയാൻ പറഞ്ഞു.

• ഞാൻ എനിയ്ക്കു വേണ്ടി മരിച്ചവരുടെ ഒപ്പം എത്താൻ വെമ്പുകയാണ് എന്ന ദുര്യോധനന്റെ വാക്കുകളിൽ തനിയ്ക്കൊപ്പം നിന്ന് യുദ്ധം ചെയ്ത് വീര മൃത്യുവരിച്ചവരോടുള്ള കൃതജ്ഞത യുണ്ട്.

• തന്റെ അച്ഛനും അമ്മയും, മകനും ഭർത്താവും നഷ്ടപ്പെടുന്ന തന്റെ ഭാര്യയും എങ്ങനെ ഇതെല്ലാം കണ്ടു സഹിക്കുമെന്ന് ദുര്യോധനൻ ചോദിക്കുന്നു..

• സമന്തപഞ്ചകത്തിൽ കിടന്നു മരിച്ചതിനാൽ സ്വർഗലോകത്തിൽ പ്രവേശിക്കുമെന്നാണ് ദുര്യോ ധൻ പറയുന്നത്.

• രാജാവിന്റെ വിലാപം കേട്ട് സഹിക്കാതെ അവിടെ ഉള്ളവർ പല വഴിക്കായി പാഞ്ഞുപോയി.

• യുദ്ധത്തിൽ മരിക്കാതെ ശേഷിച്ച അശ്വത്ഥാമാവ്,കൃപർ, കൃതവർമാവ് എന്നിവർ ദുര്യോധനന് സംഭവിച്ച ദുരന്തമറിഞ്ഞ് ഓടിയെത്തി.അശ്വത്ഥാമാവ് ദുഃഖത്തോടെ പലതും പറഞ്ഞു.

• മനുഷ്യന്റെ വിധി ഇതാണെന്നും രാജാവായിട്ടും ഞാൻ വീണുപോയി എന്നും അശ്വത്ഥാമാവ്

ഉൾപ്പെടെയുള്ള മൂന്നുപേരോടും ദുര്യോധനൻ പറഞ്ഞു.യുദ്ധത്തിൽ തോറ്റോടിയിട്ടല്ല.പാപികൾ കള്ളത്തരം കൊണ്ടാണ് ജയിച്ചത്.നിങ്ങൾ മരിക്കാതിരുന്നതിൽ സന്തോഷം. വേദങ്ങൾ സത്യമാണെങ്കിൽ ഞാൻ സ്വർഗം നേടും. കൃഷ്ണന്റെ മഹത്വം അറിഞ്ഞിട്ടും ക്ഷത്രിയ ധർമത്തിൽ നിന്നും പിൻമാറിയില്ല.നിങ്ങൾ എന്റെ വിജയത്തിനു വേണ്ടി പലതും ചെയ്തെങ്കിലും വിധിയെ കവച്ചു വെക്കാനവില്ലല്ലോ എന്നും ദുര്യോധനൻ പറഞ്ഞു.

• എന്റെ അച്ഛൻ മരിച്ചപ്പോൾ എനിയ്ക്ക് ഇത്രയും സങ്കടം ഉണ്ടായില്ലെന്നും എന്നാൽ ഇത് അങ്ങനെയല്ല എന്നും അതുകൊണ്ട് കൃഷ്ണൻ കാണെതന്നെ പാണ്ഡവരെ വധിക്കുമെന്നും പ്രസ്താവിച്ചുകൊണ്ട് അതിനുള്ള അനുവാദം അശ്വത്ഥാമാവ് ദുര്യോധനനോട് ചോദിച്ചു.

• കൃപരോട് അശ്വത്ഥാമാവിനെ സേനാധിപതിയാക്കാൻ ദുര്യോധനൻ പറഞ്ഞു. കൃപർ അശ്വത്ഥാമാവിനെ സേനാധിപതിയാക്കി.

• അശ്വത്ഥാമാവ് ദുര്യോധനനെ ആലിംഗനം ചെയ്തതിനു ശേഷം മൂന്നു പേരും അവിടെ നിന്നും മടങ്ങി.

• ഐശ്വര്യത്തോടെ ഇരിക്കുമ്പോൾ ദുര്യോധനൻ കാണിച്ച അഹങ്കാരം,സ്വപ്രത്യയസ്ഥൈര്യം, എതിരാളികളോടുള്ള അവജ്ഞ എന്നിവയിൽ തുടയെല്ല് പൊട്ടി വീണിട്ടും ഒരു തളർച്ചയും ഉണ്ടാവുന്നില്ല. അതുകൊണ്ട് തന്നെ ഇത് ദുര്യോധനന്റെ സ്ഥിര ഭാവമാണെന്നു മനസ്സിലാക്കാം.

• ഈ അവസ്ഥയിൽ അയാളുടെ തലയിൽ ചവിട്ടാൻ ആർക്കും കഴിയില്ലെന്ന് ലേഖകൻ പറഞ്ഞു.

• സ്വന്തം അച്ഛനെയും അമ്മയെക്കുറിച്ചും ഓർക്കുന്നതിനു മുമ്പ് സഹോദരിയായ ദുശ്ശളയെക്കുറിച്ച് ഓർക്കുന്നതിൽ നിന്ന് ദുര്യോധനന്റെ മഹത്വം മനസ്സിലാക്കാം.

• കൃപർ,അശ്വത്ഥാമാവ്,കൃതവർമാവ് എന്നിവർ യുദ്ധ ഭൂമിയിൽ എത്തി കൂടാരത്തിൽ കടന്നു അവിടെ ഉള്ളവരെ വധിക്കുന്നു.

• അശ്വത്ഥാമാവ് തന്റെ അച്ഛനെ കൊന്ന ധൃഷ്ടദ്യുമ്നനെ ചവിട്ടി കൊല്ലുമ്പോൾ പിടയുന്ന ധൃഷ്ടദ്യുമ്നൻ തന്നെ ആയുധം കൊണ്ട് കൊല്ലണമെന്ന് ആവശ്യപ്പെട്ടു.

• ഗുരുവിനെ കൊന്നവർക്ക് ക്ഷത്രിയവംശം അർഹിക്കുന്ന സ്വർഗം കിട്ടില്ല എന്നു പറഞ്ഞ് മർമങ്ങളിൽ ഊന്നി ധൃഷ്ടദ്യുമ്നനെ അശ്വത്ഥാമാവ് വധിച്ചു.

• ദ്രൗണി(അശ്വത്ഥാമാവ്) മറ്റ് കൂടാരങ്ങളിൽ കയറി പലരെയും വധിക്കുന്നു. മരണ ഞരക്കം കേട്ട് അവിടെ ചെകുത്താൻ കയറി എന്നു കരുതി കാവൽക്കാരും സ്ത്രീകളും പേടിച്ച് ഒന്നും മിണ്ടിയില്ല.കുറേ കഴിഞ്ഞ് പലരും പേടിച്ച് നിലവിളിച്ച് പലവഴികളിലേക്ക് ഓടിപ്പോയി

• ശിഖണ്ഡിയെ മൂന്നു കഷ്ണമാക്കി.

• രക്ഷപ്പെടാൻ ശ്രമിച്ചവരെ കൂടാരത്തിനു പുറത്ത് വച്ച് കൃപരും കൃതവർമാവും വധിച്ചു. രക്ഷിക്കണമെന്നു പറഞ്ഞ് തൊഴുതുനിന്നവരെയും വെറുതെ വിട്ടില്ല.

• പ്രഭാതമായതോടെ എല്ലാവരെയും വധിച്ച് നിശബ്ദമായ കൂടാരത്തിൽ നിന്നും പുറത്തു കടന്ന അശ്വത്ഥാമാവ് കൃപരോടും കൃതവർമാവിനോടും നടന്നതൊക്കെ പറഞ്ഞു. ഭാഗ്യം ഭാഗ്യം എന്നു പറഞ്ഞ് അൽപം മാത്രം ജീവൻ ബാക്കിയുണ്ടായിരുന്ന ദുര്യോധനനോട് കാര്യങ്ങൾ പറയാൻ ഓടിയെത്തി.

• പാണ്ഡവരെയും കൃഷ്ണനെയും ഒഴിച്ച് ബാക്കിയെല്ലാവരെയും കൊന്ന കഥ ദുര്യോധനനോട് പറഞ്ഞു.

• ഭീഷ്മരും കർണനും ഉൾപ്പെടെ മറ്റാരും ചെയ്തു തരാത്ത കാര്യം മൂന്നു പേരും ചേർന്ന് ചെയ്തു കൊടുത്തതിൽ ദുര്യോധനൻ സംതൃപ്തനായി. ശിഖണ്ഡിയെ കൊന്നതിനാൽ താൻ ഇന്ദ്രനെപ്പോലെയായി എന്ന് അഭിമാനിക്കുന്നു. എല്ലാവരെയും അനുഗ്രഹിച്ച് ദുര്യോധനൻ മരണപ്പെടുന്നു.

• വിവിധ വ്യവസ്ഥകളോടെ ആരംഭിച്ച യുദ്ധം  പതിനെട്ടാം ദിവസം രാത്രിയിൽ അശ്വത്ഥാമാവ് നടത്തിയ പൈശാചിക കൊലപാതകത്തിലാണ് അവസാനിച്ചത്

• ഏതു യുദ്ധവും ഏതു പേരിലും വ്യവസ്ഥയിലും തുടങ്ങിയാലും അതിന്റെ അവസാനം സർവ നാശമായിരിക്കും ഫലമെന്ന് മാരാർ നിരീക്ഷിക്കുന്നു.

• നന്മയും തിന്മയും ഇടകലർന്ന കഥാപാത്രമാണ് ദുര്യോധനൻ എന്നുള്ളതുകൊണ്ട് സുയോധനൻ എന്നും ദുര്യോധനൻ എന്നും  അയാൾക്ക് പേരിട്ടത് അർത്ഥവത്താണ്.

• പാശ്ചാത്യസാഹിത്യത്തിലേതു പോലെ യുദ്ധവീരൻമാരുടെ പരാക്രമം വർണിക്കാൻ വേണ്ടിയല്ല. മറിച്ച് മനുഷ്യ ചരിത്രത്തിൽ യുദ്ധം വരുത്തിവെക്കുന്ന ദുരന്തം വ്യക്തമാക്കാനാണ് മഹാഭാരതം രചിക്കപ്പെട്ടതെന്നു പറയാം.

• ഇതിഹാസമെന്നാൽ ചരിത്രം. ചരിത്രമെന്നാൽ നടന്ന കഥയെന്നാണ് അർത്ഥം.മഹാഭാരതമാകട്ടെ നടന്ന കഥമാത്രമല്ല നടക്കാനിരിക്കുന്ന കഥ കൂടിയാണെന്ന് പിൽക്കാല യുദ്ധങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും.

• അറുകൊലയുടെ വാർത്ത പാണ്ഡവർ അറിഞ്ഞു. ദുര്യോധനന് ബോധക്ഷയമുണ്ടായി. കഷ്ടപ്പെട്ട് എങ്ങനെയൊക്കെയോ നേടിയ വിജയം പകൽ വെളിച്ചത്തിൽ നോക്കികാണാൻ ആഗ്രഹിച്ചെങ്കിലും നടന്നില്ല. അപ്പോഴേക്കും അത് പരാജയമായി മാറിയിരിക്കുന്നു.

• പ്രമാദം തന്നെ പ്രമാദത്തിൽക്കവിഞ്ഞ ഒരു കൊല ജീവിതത്തിൽ ഇല്ല. ഇവിടെ പ്രമാദം എന്നാൽ ശ്രദ്ധയില്ലായ്മയാണ്. പാണ്ഡവർ തങ്ങളുടെ ജയത്തിൽ മതിമറന്ന് മറ്റൊരു ആപത്തിനെക്കുറിച്ച് ഒരിക്കലും ചിന്തിച്ചില്ല. ശക്തരായ മൂന്നുപേർ ഇനിയും കൗരവപക്ഷത്തുള്ളത് ഓർത്തില്ല.

• ജയം എന്നാൽ ഒരു തരത്തിൽ ജയം അല്ല.അത് പരാജയം തന്നെയാണ്

• യുദ്ധം നടന്നപ്പോൾ പരാജയം സംഭവിക്കാതെ ഇപ്പോൾ ഇത്തരത്തിൽ ഒരു പരാജയം ഉണ്ടാവുകയും മരിച്ച കൗരവരെല്ലാം സ്വർഗലോകത്ത് എത്തുകയും ചെയ്തു.ഇത് പാണ്ഡവർക്ക് വലിയ ക്ഷീണമായി.കപ്പൽ സമുദ്രത്തിൽ നിന്ന് തകരാതെ തോട്ടിൽ വെച്ച് മുങ്ങിപ്പോയ അവസ്ഥയാണ് ഇത്.

• എല്ലാവരും യുദ്ധ ഭൂമിയിൽ എത്തി.ദ്രൗപതിയ്ക്ക് ബോധം പോയി.ബോധം വന്നപ്പോൾ അർജുനനോട് കയർത്തു..മക്കൾ മരിച്ചെങ്കിലും നിങ്ങൾ ആഗ്രഹിച്ച അധികാരം കിട്ടിയല്ലോ എന്നും അഭിമന്യുവിനെ മറന്ന് നിങ്ങൾക്ക് എന്നോടൊപ്പം സുഖമായി കഴിയാം എന്നും എനിക്കിത് സഹിക്കാനാവില്ലെന്നും ദ്രൗപതി പറഞ്ഞു.

• ദ്രൗണിയെ കൊന്നില്ലെങ്കിൽ ഞാൻ തീയിൽ ചാടി മരിക്കും എന്ന് ദ്രൗപതി പറഞ്ഞു.

• ദ്രൗണിയുടെ തലയിലുള്ള ചൂഡാമണി യുധിഷ്ഠിരന്റെ തലയിൽ അണിഞ്ഞു കാണണമെന്നും ദ്രൗപതി ആവശ്യപ്പെട്ടു.ആ ആഗ്രഹം നേടിയെടുക്കാൻ ഭീമനെ പ്രോത്സാഹിപ്പിച്ചു.

• ഭീമൻ ദ്രൗപതിയുടെ ആഗ്രഹം നിറവേറ്റാൻ വില്ലുമെടുത്ത് പുറപ്പെട്ട കഥ കൃഷ്ണനറിഞ്ഞു. അയാൾ വല്ലാത്തൊരവസ്ഥയിലാണെന്നും അശ്വത്ഥാമാവിന് ബ്രഹ്മാസ്ത്രം അറിയാമെന്നും അയാൾ അത് പ്രയോഗിക്കുമെന്നും അതിനാൽ ഭീമനെ രക്ഷിക്കണമെന്നും കൃഷ്ണൻ പറഞ്ഞു. കൃഷ്ണനും യുധിഷ്ഠിരനുമെല്ലാം കൃഷ്ണന്റെ തേരിൽ കയറി ഭീമനെ പിന്തുടർന്നു.

• അപ്പോൾ അശ്വത്ഥാമാവ് ഭാഗീരഥി നദിയുടെ തീരത്ത് ഋഷികളോടൊപ്പം ഇരിക്കുന്ന വ്യാസന്റെ അടുത്ത് ഇരിക്കുകയായിരുന്നു.അപ്പോൾ തന്നെ തേടി വരുന്നവരെ കണ്ട് ബ്രഹ്മ ശിരസ്സ് പ്രയോഗിക്കാൻ അശ്വത്ഥാമാവ് തീരുമാനിച്ചു. പുൽക്കൊടിയെടുത്ത് ജപിച്ച് പാണ്ഡവവംശം മുടിക്കാൻ എന്നു പറഞ്ഞ് ബ്രഹ്മാസ്ത്രം അവർക്കു നേരെ അയച്ചു.

• ദ്രൗണി ചെയ്യാൻ പോകുന്നതെന്തെന്ന് അയാളുടെ ഭാവത്തിൽ നിന്നും തിരിച്ചറിഞ്ഞ കൃഷ്ണൻ

അർജ്ജുനനോടും ബ്രഹ്മാസ്ത്രം പ്രയോഗിക്കാൻ പറഞ്ഞു.

• രണ്ടു പേരും പ്രയോഗിച്ച അസ്ത്രത്തിന്റെ ഭയാനകത പ്രകൃതിയിൽ നിഴലിച്ചു.

• രണ്ടു പേരും പ്രയോഗിച്ച അസ്ത്രത്തിന്റെ ഫലം അറിയാവുന്ന നാരദനും വ്യസനും അവയ്ക്കിടയിൽ പോയി നിന്നു.

• മനുഷ്യരിൽ ഇതുവരെ ആരും പ്രയോഗിക്കാത്ത ഈ അസ്ത്രം പ്രയോഗിക്കാൻ രണ്ടു പേർക്കും എങ്ങനെ തോന്നി എന്ന് വ്യാസനും നാരദനും ചോദിച്ചു. അപ്പോൾ തന്നെ അർജ്ജുനൻ അസ്ത്രം പിൻവലിച്ചു.

• ബ്രഹ്മചര്യവ്രതം അനുഷ്ഠിച്ചവർക്ക് മാത്രമേ അസ്ത്രം പിൻവലിക്കാനാകൂ. അതിനാൽ അശ്വത്ഥാമാവിന് അതിനു കഴിയില്ല. അയാൾ പിൻവലിച്ചാൽ അയാളുടെ തല പൊട്ടിത്തെറിക്കും. അതുകൊണ്ട് അസ്ത്രം പിൻവലിക്കാൻ കഴിയാതെ ദ്രൗണി നിന്നു.

• അസ്ത്രം അസ്ത്രം കൊണ്ട് ഇല്ലാതാക്കാനാണ് അർജ്ജുനൻ അസ്ത്രം പ്രയോഗിച്ചത്. അയാൾ അത് പിൻവലിച്ചു. നീ കോപമടക്കി അസ്ത്രം പിൻവലിക്കണമെന്നും നീ ചൂഡാമണി പാണ്ഡവർക്ക് കൊടുക്കണമെന്നും വ്യാസൻ പറഞ്ഞു.

• ബ്രഹ്മശിരോസ്ത്രം വീണ രാജ്യത്ത് പന്ത്രണ്ടു കൊല്ലം മഴ പെയ്യില്ല.

• അസ്ത്രം പിൻവലിക്കാൻ കഴിയാത്തതിനാൽ പാണ്ഡവരുടെ സന്ധതിയിലെങ്കിലും താനയച്ച അസ്ത്രം പതിക്കണമെന്ന് അശ്വത്ഥാമാവ് വാശി പിടിച്ചു.

• ആയുധം കൊണ്ടും അസുഖം കൊണ്ടും ദേവൻമാരാലും അസുരൻമാരാലും പാമ്പിനാലും രക്ഷസ്സുകളാലും ഒരു തരത്തിലുള്ള അപായവും ചൂഡാമണി ധരിച്ചാൽ ഉണ്ടാവുകയില്ലെന്നും അത് പാണ്ഡവർക്ക് കൊടുക്കാൻ തയാറാണെന്നും അശ്വത്ഥാമാവ് പറയുന്നു.

• ദ്രൗണിയുടെ പ്രവൃത്തിയിൽ കുപിതനായ കൃഷ്ണൻ അശ്വത്ഥാമാവ് നശിപ്പിക്കുമെന്നു പറഞ്ഞ അഭിമന്യുവിന്റെ ഭാര്യ ഉത്തര പ്രസവിച്ചുണ്ടാകുന്ന കുട്ടി ജീവിക്കുക തന്നെ ചെയ്യുമെന്നും ഉറപ്പിച്ചു പറയുന്നു.

• ഇത് ദ്രൗണിയെ ചൊടിപ്പിക്കുന്നു. അസ്ത്രം പാഴാവില്ല എന്ന് ദ്രൗണി ഉറപ്പിച്ചു പറയുന്നു.

• മരിച്ചാലും കുട്ടിയെ ജീവിപ്പിക്കുമെന്നും നീ നിന്ദ്യനും പാപിയും ആയതിനാൽ മൂവായിരത്താണ്ടു കാലം ആരുമറിയപ്പെടാതെ അലഞ്ഞു തിരിയുമെന്നും ചോരയും ചലവും നിറഞ്ഞ് നാറിക്കൊണ്ട് തെണ്ടിയലയുമെന്നും കൃഷ്ണൻ പറയുന്നു.

• കൃഷ്ണനുൾപ്പടെയുള്ളവരെ ബഹുമാനിക്കാതെ ചെയ്ത പ്രവൃത്തി കൊണ്ട് കൃഷ്ണൻ പറഞ്ഞ അവസ്ഥ നിനക്ക് ഉറപ്പായും വരുമെന്ന് വ്യാസൻ അശ്വത്ഥാമാവിനോട് പറയുന്നു.

• ദ്രൗണി ചിരഞ്ജീവിയായ വ്യാസനൊപ്പം ഞാനും മനുഷ്യരുടെ ഇടയിൽ നിന്നുകൊള്ളാമെന്നും കൃഷ്ണന്റെ വാക്കുകൾ സത്യമായിരിക്കട്ടെ എന്നും പറഞ്ഞ് ചൂഡാമണി പാണ്ഡവർക്ക് കൊടുത്ത് അശ്വത്ഥാമാവ് പിൻവാങ്ങുന്നു.

• ദ്രൗണിയെന്ന ഈ അശ്വത്ഥാമാവ് നമ്മുടെയെല്ലാം മനസ്സിൽ കുടികൊള്ളുന്ന ദ്വേഷമത്സരങ്ങൾ തന്നെയാണ്. അശ്വത്ഥാമാവിന്റെ പ്രതിരൂപമാണ് പക എന്നു പറയുന്ന മനുഷ്യ ശാപം.

• ആ പകയെ എപ്പോഴും എവിടെയും കരുതിയിരിക്കണമെന്ന താക്കീതാണ് അശ്വത്ഥാമാവിനെ ചിരഞ്ജീവിയായി കൽപിച്ചതിന്റെ അർത്ഥം.

## അപരിചിത പദങ്ങളും അവയുടെ അർത്ഥവും. 

വയോവീര്യോത്സാഹങ്ങൾ - വയസ്സ്, വീര്യം, ഉത്സാഹം എന്നിവ
പ്രമാദം - ശ്രദ്ധയില്ലായ്മ
നിർവേദം - ലജ്ജ
സമന്തപഞ്ചകം - പരശുരാമൻ സ്ഥാപിച്ച പുണ്യതീർത്ഥം
വാസുദേവൻ - കൃഷ്ണൻ
സ്വപ്രത്യയസ്ഥൈര്യം - സ്വന്തം വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്ന സ്വഭാവം
ശിബിരം - പടകുടീരം
ഘാതി - കൊന്നവൻ
കുശചീരങ്ങൾ - ദർഭ,മരവുരി തുടങ്ങിയവ
വ്യഥിതൻ - ദുഃഖിതൻ
സത്വരം - പെട്ടെന്ന്
ഹൃഷികേശൻ - കൃഷ്ണൻ
ജനസഹസ്രങ്ങൾ - ആയിരക്കണക്കിന് ആളുകൾ
യുദ്ധശ്രാന്തൻ - യുദ്ധം ചെയ്ത് ക്ഷീണിച്ചവൻ
പ്രായോപ്രവേശം - ദർഭ വിരിച്ച് അതിൽ കിടന്ന് മരണം വരെ നിരാഹാരം അനുഷ്ഠിക്കുക
കച്ഛം - തീരം
ഭാഗീരഥി - ഗംഗാനദി
സ്ഥിരസത്വൻ - സ്ഥിരതയുള്ളവൻ

## വിഗ്രഹിക്കുക. 

ദിവ്യാസ്ത്രം - ദിവ്യമായ അസ്ത്രം
വയോവീര്യോത്സാഹങ്ങൾ - വയസ്സും വീര്യവും ഉത്സാഹവും.
ഗജാശ്വരഥങ്ങൾ - ഗജങ്ങളും അശ്വങ്ങളും രഥങ്ങളും
ദ്വേഷമത്സരങ്ങൾ - ദ്വേഷവും മത്സരവും
ക്ഷത്രിയധർമ്മം - ക്ഷത്രിയന്റെ ധർമ്മം
ഭാഗീരഥീകച്ഛം - ഭാഗീരഥിയുടെ കച്ഛം
ദേവകീപുത്രൻ - ദേവകിയുടെ പുത്രൻ
ശാശ്വതലോകം - ശാശ്വതമായ ലോകം
കുശചീരങ്ങൾ - കുശവും ചീരവും
മഹാവിജയം - മഹത്തായ വിജയം
ക്രോധദീപ്തം - ക്രോധത്താൽ ദീപ്തം
രാജകല്പന - രാജാവിന്റെ കല്പന

## ചോദ്യശേഖരം



**1. ദുര്യോധനന്റെ മഹത്വമായി കുട്ടികൃഷ്ണമാരാർ വിലയിരുത്തുന്നതെന്ത് ?**

സ്വപ്രത്യയസൈഥര്യം

**2. എതിരാളിയുടെ കുറവു കൊണ്ടല്ല സ്വന്തം മികവുകൊണ്ട് തന്നെ ജയിക്കാൻ നോക്കണെ മെന്നർത്ഥം-കുറ്റമറ്റ ധർമയുദ്ധം.- ഇവിടെ ധർമയുദ്ധത്തിന് നൽകുന്ന വ്യവസ്ഥകൾ എന്തെല്ലാം ഇത് പൂർണമായും പാലിക്കപ്പെടുന്നുണ്ടോ ?**

**അല്ലെങ്കിൽ**

**ധർമ്മയുദ്ധം എന്ന കാഴ്ചപ്പാടിനെ വിലയിരുത്തുക.**

**അല്ലെങ്കിൽ**

**യുദ്ധത്തിന്റെ ആദ്യദിവസങ്ങളിൽ ഈ കരാറെല്ലാം ഏറെക്കുറെ പാലിക്കപ്പെട്ടു. കരാർ എന്ത് ?**

യുദ്ധം തുടങ്ങിയാൽ ഗജാശ്വരഥങ്ങളിലുള്ളവർ ആ നിലയിലുള്ളവരോടു മാത്രമേ യുദ്ധം ചെയ്യുവാൻ പാടുള്ളു. കാലാൾ കാലാളോട് മാത്രം യുദ്ധം ചെയ്യണം.വയസ്സ്, വീര്യം,ഉത്സാഹം എന്നിവയിൽ കിട നിൽക്കുന്നവരോട് പറഞ്ഞറിയിച്ചതിനു ശേഷം മാത്രം യുദ്ധം ചെയ്യുക.ക്ഷീണിച്ചിരിക്കുന്നവരെയും പിന്തിരിഞ്ഞോടുന്നവരെയും വധിക്കരുത്. ആയുധം കയ്യിലില്ലാത്തവരെയും കവചം പോയവരെയും ഒരു വിധത്തിലും കൊല്ലരുത്,. തേരാളികൾ,കുതിരകൾ,ആയുധച്ചുമട്ടുകാർ, വാദ്യക്കാർ എന്നിവരെയും കൊല്ലരുത്.സ്വന്തം മികവ് കൊണ്ട് ജയിക്കണം എന്നും എതിരാളിയുടെ കുറവല്ല വിജയത്തിന്റെ അടിസ്ഥാനമെന്നുമാണ് ചുരുക്കത്തിൽ ഇതു കൊണ്ട് അർത്ഥമാക്കുന്നത്. ഇങ്ങനെയൊക്കെയാണ് കുറ്റമറ്റ ധർമയുദ്ധത്തിന്റെ വ്യവസ്ഥകളെങ്കിലും പാണ്ഡവർ ഇവയെല്ലാം മറികടന്നു കൊണ്ടാണ് മുന്നോട്ട് പോയത്.

**3. വല്ലപാടും നേടിയ വിജയം എന്ന വിശേഷണത്തിന്റെ ഔചിത്യം വിലയിരുത്തുക?**

**അല്ലെങ്കിൽ**

**വല്ലപാടും എന്ന പ്രയോഗത്തോടുകൂടി പാണ്ഡവ വിജയത്തെ കുറച്ചുകാണുകയാണോ മാരാർ ചെയ്യുന്നത്- സമർത്ഥിക്കുക.**

വല്ലപാടും നേടിയ വിജയമാണ് പാണ്ഡവരുടെ വിജയമെന്ന് മാരാർ ഭാരതപര്യടനത്തിൽ വ്യക്തമാക്കുന്നു. വല്ലപാടും എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എങ്ങനെയെങ്കിലും, തെറ്റായ മാർഗ്ഗത്തിലൂടെ, ചതിപ്രയോഗത്തിലൂടെ, കൗശലത്തിലൂടെ നേടിയ വിജയമെന്നാണ്. ലേഖനത്തിന്റെ തുടക്കത്തിൽ തന്നെ യുദ്ധനിയമങ്ങളെക്കുറിച്ച് മാരാർ നമുക്ക് വ്യക്തമാക്കിത്തരുന്നു. എന്നാൽ യുദ്ധത്തിന്റെ ആദ്യ ദിവസങ്ങളിൽ ഈ കരാറെല്ലാം ഏറെക്കുറേ പാലിക്കപ്പെട്ടു. പിന്നീടുള്ള ദിവസങ്ങളിൽ എന്തൊക്കെ നിയമങ്ങളുണ്ടോ അതെല്ലാം തിരസ്കരിച്ചുകൊണ്ടാണ് യുദ്ധം നടന്നത്. പാണ്ഡവപക്ഷത്തുനിന്ന് അധർമ്മ യുദ്ധത്തിന്റെ പരമ്പര തന്നെയാണ് രൂപപ്പെട്ടത്. കൗരവവീരന്മാരെക്കൊന്നത് അധർമ്മത്തിന്റെ വഴികളിലൂടെയാണ്. യഥാർത്ഥ ക്ഷത്രിയൻ ശക്തികൊണ്ടും, കഴിവുകൊണ്ടുമാണ് യുദ്ധത്തിൽ വിജയിക്കേണ്ടത്. എന്നാൽ പാണ്ഡവരുടെ വിജയം ഇങ്ങനെയല്ലെന്ന് കൗരവപാണ്ഡവയുദ്ധത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം. പാണ്ഡവരുടെ വിജയത്തെ തികച്ചും അവജ്ഞയോടെയാണ് മാരാർ കാണുന്നത്. അതുകൊണ്ട് വല്ലപാടും നേടിയ വിജയം എന്ന മാരാരുടെ അഭിപ്രായം ഔചിത്യപൂർണ്ണമാണ്.

**4. ഞാൻ എനിക്കു വേണ്ടി മരിച്ചവരുടെ ഒപ്പം എത്തുവാൻ വെമ്പുകയാണ്.-ദുര്യോധനന്റെ വാക്കുകളിൽ കൂടെ നിന്നവരോടുള്ള പരിഗണന വ്യക്തമാകുന്നുണ്ടോ? വ്യക്തമാക്കുക**

തനിക്കു വേണ്ടി പോരാടിയവരെ കേവലം വെറും പടയാളികളായി മാത്രം കാണുന്ന മനോഭാവമല്ല ദുര്യോധനന്റേത്. അശ്വത്ഥാമാവ്, കൃതവർമാവ,കൃപർ എന്നിവരെ കണ്ടപ്പോൾ അവർ ജനനാശത്തിൽ നിന്ന് മുക്തരായി കണ്ടതിൽ ദുര്യധനൻ ആശ്വസിക്കുന്നു. തന്റെ ജയത്തിനു വേണ്ടി ആവുന്നതെല്ലാം പലരും ചെയ്തു. ഒടുക്കം പലരും മരണത്തിനു കീഴടങ്ങി. അവർക്കൊപ്പം എത്താൻ താൻ വെമ്പുകയാണ് എന്ന് ദുര്യോധനൻ പറയുമ്പോൾ അവർ ചെയ്ത സേവനങ്ങളെ ഉൾക്കൊള്ളാനുള്ള മനസ്സാണ് തെളിഞ്ഞു കാണുന്നത്.

**5. തനിയ്ക്ക് സ്വർഗ പ്രാപ്തി കിട്ടുമെന്ന് ദുര്യോധനൻ ബലമായി വിശ്വസിച്ചത് എന്തു കൊണ്ട് ? വിശദമാക്കുക.**

ധർമവ്യവസ്ഥകളോടെ ആരംഭിച്ച കുരുക്ഷേത്രയുദ്ധത്തിൽ പാണ്ഡവർ യുദ്ധമുറതെറ്റിച്ചാണ് മിക്ക സമയത്തു വിജയം നേടിയത്.ഭീമൻ അധർമത്തിലൂടെയാണ് ദുര്യോധനനെ വീഴ്ത്തിയത്. എതിർ പക്ഷത്തുള്ള കൃഷ്ണന്റെ പ്രഭാവമറിഞ്ഞിട്ടും താൻ അധർമം ചെയ്തിരുന്നില്ലെന്ന ആത്മാഭിമാനം തനിയ്ക്ക് സ്വർഗം ലഭിക്കുമെന്ന ഉറച്ചവിശ്വാസം ദുര്യോധനന് നൽകുന്നു. ഒരു രാജാവ് എന്ന നിലയിൽ ഭരിക്കേണ്ടതുപോലെ ഭരിച്ചും ശത്രുക്കളെ അടക്കി വാണും സമർത്ഥമായി ഭരിക്കാൻ ദുര്യോധനന് കഴിഞ്ഞു.മാതാപിതാക്കളുടെയും ബന്ധുക്കളുടെയും ക്ഷേമത്തിനു വേണ്ടി സത്യസന്ധമായി പ്രവർത്തിച്ചു. ഒരിക്കലും തളരാത്ത ആത്മവീര്യവും പൗരുഷവും ധീരൻമാരുടെ അടയാളമാണ്.ഇത് രണ്ടും ദുര്യോധനനുണ്ടെന്ന് ഈ സന്ദർഭത്തിൽ നമുക്ക് മനസ്സിലാക്കാം. പരശുരാമനാൽ നിർമ്മിതമായ സമന്തപഞ്ചകത്തിൽ വെച്ചുള്ള മരണവും യുദ്ധത്തിന്റെ അവസാനം വരെ യുദ്ധമുറ തെറ്റിക്കാത്തതും സ്വർഗപ്രാപ്തിയണ്ടാവുമെന്ന് ഉറപ്പിച്ച് വിശ്വസിക്കാൻ ദുര്യോധനനെ സഹായിച്ചു.

**6. ദുര്യോധനൻ-കഥാപാത്ര നിരൂപണം തയ്യാറാക്കുക**

ക്രൂരമായ മരണത്തിലും തളരാത്ത മനസ്സിന്റെ ഉടമയാണ് ദുര്യോധനൻ. ശത്രുക്കളോടുള്ള അവജ്ഞ മനസ്സിൽ സൂക്ഷിച്ചുവെങ്കിലും ഒരിക്കൽപോലും താൻ അധർമം ചെയ്തിച്ചില്ല എന്ന ചിന്ത തന്റെ വിധിയിൽ ആശ്വാസം കണ്ടെത്താൻ ദുര്യോധനനെ സഹായിച്ചു. ചതിച്ചവരോടുള്ള കോപവും സഹതാപവും ദുര്യോധനന്റെ വാക്കുകളിൽ നിന്ന് തെളിയുന്നു. പാണ്ഡവരുടെ വിജയത്തെ ചതിച്ചുനേടിയ വിജയമായതുകൊണ്ട് അവരെ സഹതാപത്തോടുകൂടി കാണാനെ ദുര്യോധനന് കഴിയുന്നുള്ളൂ. ജീവിതത്തിൽ പലതും നേടാൻ കഴിഞ്ഞതിലുള്ള സംതൃപ്തിയും അഭിമാനവും സഞ്ജയനോടുള്ള ദുര്യോധനന്റെ വാക്കുകളിൽ തെളിയുന്നുണ്ട്. ചതിച്ചവർ തോൽക്കുകയും താൻ ജയിക്കുകയും ചെയ്തു എന്ന ഭാവമാണ് ദുര്യോധനന്റെ ഓരോ സംഭാഷണത്തിലും തെളിയുന്നത്. മരണവേദനയിലും തന്റെ സഹോദരങ്ങൾക്കും ഭാര്യയ്ക്കും മക്കൾക്കും മുൻപേ ഏക സഹോദരിയെക്കുറിച്ചോർത്ത് ദുഃഖിക്കുന്നതിലൂടെ ദുര്യോധനന്റെ ഹൃദയോന്നതിയും ആഭിജാത്യവുമാണ് പ്രകടമാവുന്നത്. യുദ്ധത്തിന്റെ തുടക്കം മുതൽ ഒടുക്കംവരെ കൂടെയുള്ളവരെല്ലാം മരണത്തിന് കീഴടങ്ങിയിട്ടും തനിക്കായി മരിച്ചവർക്കുവേണ്ടി താൻ പോരാടും എന്ന ദുര്യോധനന്റെ ചിന്തയ്ക്ക് ഒരിക്കലും ഇളകാത്ത സ്ഥിരചിത്തതയുടെ സൗന്ദര്യം ദർശിക്കാം. സ്വർഗ്ഗപ്രാപ്തിയിലുള്ള ഉറച്ചവിശ്വാസം ദുര്യോധനനിൽ ഉണ്ട്. ഏറ്റവും നല്ല മരണമാണ് തനിക്ക് കിട്ടിയത് എന്ന് ദുര്യോധനൻ ഉറച്ചു വിശ്വസിക്കുന്നു. സുയോധനൻ എന്ന പേരും ദുര്യോധനൻ എന്ന പേരും അർത്ഥമാക്കുന്ന സ്വഭാവഗുണങ്ങളെല്ലാം നിറഞ്ഞുനിൽക്കുന്ന ദുര്യോധനൻ മഹാഭാരതത്തിലെ ഏറ്റവും മികച്ച കഥാപാത്രമാണെന്ന് നിസംശയം പറയാം.

**7. ''ഉറങ്ങുമ്പോഴോ ഓർക്കാപ്പുറത്തോ കൊല്ലുമ്പോലെയാണ്, വിഷം തന്നു കൊല്ലുമ്പോലെയാണ് എന്നെ കൊന്നത്''- ദുര്യോദനന്റെ വാക്കുകൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.**

മഹാഭാരതത്തിലെ മികച്ച കഥാപാത്രങ്ങളിലൊന്നാണ് ദുര്യോധനൻ. കൃത്യമായ ധർമ

വ്യവസ്ഥകളോടെ ആരംഭിച്ച കുരുക്ഷേത്ര യുദ്ധത്തിൽ ഭീമനും ദുര്യോധനനും തമ്മിലുള്ള പോരാട്ടത്തിൽ ആദ്യാവസാനം ദുര്യോധനൻ യുദ്ധവ്യവസ്ഥകൾ തെറ്റിച്ചിട്ടില്ല. എന്നാൽ യുദ്ധനിയമപ്രകാരം പാടില്ലാത്ത പ്രവൃത്തിയിലൂടെയാണ് ഭീമൻ ദുര്യോധനനെ വീഴ്ത്തിയത്. ഭീമൻ യുദ്ധത്തിൽ പരാജയപ്പെട്ടപ്പോൾ കൃഷ്ണന്റെ നിർദ്ദേശ പ്രകാരം ഭീമൻ ദുര്യോധനന്റെ തുടയ്ക്കടിച്ച് തുടയെല്ല് പൊട്ടിച്ചു. യുദ്ധധർമ പ്രകാരം തുടയ്ക്കടിക്കുന്നത് തെറ്റാണ്. ഭീമന്റെ ചതി മനസ്സിലാക്കാൻ ദുര്യോധനന് കഴിഞ്ഞില്ല. ചതിയിലൂടെ ഒട്ടും പ്രതീക്ഷിക്കാത്ത അവസ്ഥയിലേക്ക് എത്തിയതുകൊണ്ടും താൻ ഒരു തെറ്റും ചെയ്യാത്തതു കൊണ്ടുമാണ് ഉറങ്ങുമ്പോഴോ വിഷം തന്നു കൊല്ലുമ്പോലെയോ ആണ് ഭീമൻ തന്നെ കീഴ്പ്പെടുത്തിയതെന്ന് ദുര്യോധനൻ പറയുന്നത്.

**8.അശ്വത്ഥാമാവിനെ ദുര്യോധനൻ ആശ്വസിപ്പിക്കുന്നതെങ്ങനെ ?**

**അല്ലെങ്കിൽ**

**ദുര്യോധനന്റെ അവസ്ഥയറിഞ്ഞ് ഓടിയെത്തി വിലപിക്കുന്ന അശ്വത്ഥാമാവിനോട് അദ്ദേഹം പറയുന്നതെന്ത് ?**

മനുഷ്യന്റെ യഥാർത്ഥ അവസ്ഥ ഇതു തന്നെയാണെന്നാണ് ദുര്യോധനന്റെ അഭിപ്രായം. വിധിയെ ആർക്കും മറികടക്കാൻ കഴിയില്ല.രാജാവായിട്ടും വീണു പോയി. എന്നും ഭാഗ്യവശാൽ യുദ്ധത്തിൽ തോറ്റോടിയിട്ടില്ല എന്നും അഭിമാനം കൊണ്ടു.പാണ്ഡവർ കള്ളത്തരത്തിലൂടെയാണ് ജയിച്ചത്.കൃഷ്ണൻ എതിർപക്ഷത്തുണ്ടായിട്ടും താൻ ക്ഷത്രിയ ധർമത്തിൽ നിന്ന് അനങ്ങിയിട്ടില്ലെന്നും വേദങ്ങൾ സത്യമാണെങ്കിൽ ക്ഷത്രിയൻമാർക്ക് അവകാശപ്പെട്ട സ്വർഗ ലോകം തനിയ്ക്ക് കിട്ടുമെന്നും അശ്വത്ഥാമാവിനോട് ദുര്യോധനൻ പറഞ്ഞു. ഇവിടെയെല്ലാം നിരാശയുടെയും തോൽവിയിടുടെയും സ്വരം ഇല്ല എന്നത് ദുര്യോധനന്റെ ആത്മവീര്യം വെളിപ്പെടുത്തുന്നു.

**9. ''ഇന്ന് ഞാൻ സകല പാഞ്ചാലരെയും കാലനൂർ പൂകിക്കും.''- ഈ ശപഥം മഹാഭാരതത്തിന്റെ കഥാഗതിയെ എങ്ങനെയെല്ലാമാണ് മാറ്റിമറിച്ചത്.**

ദുര്യോധനന്റെ ദയനീയമായ അവസ്ഥ അശ്വത്ഥാമാവിൽ പാണ്ഡവർക്കെതിരെ ശക്തമായ പ്രതികാരം നിറച്ചു. സർവ പാഞ്ചാലരെയും കൊല്ലുമെന്ന് ശപഥം ചെയ്ത് കൃപരോടും കൃതവർമാവിനുമൊപ്പം പാണ്ഡവ കൂടാരത്തിലെത്തി പാണ്ഡവരെയും കൃഷ്ണനെയും ഒഴികെ സകലരെയും ഒരു ദയയും കൂടാതെ വധിക്കുന്ന ഭീതിതമായ കാഴ്ച നമുക്ക് കാണാം. എല്ലാം നേടി എന്നു കരുതി ആഹ്ലാദിച്ചിരുന്ന പാണ്ഡവരെ സംബന്ധിച്ച് ഇത് അസഹനീയമായ അനുഭവമാണ്. പാഞ്ചാലി വിവരമറിഞ്ഞ് തളർന്നു വീണു. പാഞ്ചാലിയുടെ ആവശ്യപ്രകാരം ഭീമൻ അശ്വത്ഥാമാവിന്റെ ചൂഢാമണിക്കായി പോവുന്നതും അശ്വത്ഥാമാവ് ഇവരുടെ വരവ് കണ്ട് തന്നെ വധിക്കാനുള്ള വരവാണ് പാണ്ഡവരുടേത് എന്ന് തെറ്റിദ്ധരിച്ച് ബ്രഹ്മാസ്ത്രം പ്രയോഗിക്കാനുറപ്പിച്ചു. വ്യാസന്റെയും നാരദന്റെയും നിർദ്ദേശപ്രകാരം അർജ്ജുനൻ അസ്ത്രം പിൻവലിച്ചെങ്കിലും ബ്രഹ്മചര്യ വ്രതം അനുഷ്ഠിക്കാത്തതിനാൽ അസ്ത്രം പിൻവലിക്കാൻ അശ്വത്ഥാമാവിന് കഴിഞ്ഞില്ല. ഒടുക്കം അസ്ത്രം ഉത്തരയുടെ വയറ്റിൽ വളരുന്ന കുട്ടിയിൽ പ്രയോഗിച്ച് ചൂഢാമണി പാണ്ഡവർക്ക് നൽകി കൃഷ്ണന്റെ ശാപവും പേറി കാടുകയറുകയാണ് അശ്വത്ഥാമാവ്.

ഒരു പക്ഷേ പാണ്ഡവരുടെ വിജയത്തിനുശേഷം അശ്വത്ഥാമാവ് ഇങ്ങനെയൊന്നു പ്രവർത്തിച്ചില്ലായിരുന്നെങ്കിൽ മഹാഭാരതം യുദ്ധവിജയത്തിന്റെയോ യോദ്ധാക്കളുടെയോ കഥയായി മാത്രം ഒതുങ്ങിത്തീരുമായിരുന്നു. അതിനപ്പുറം മഹാഭാരതം മുന്നോട്ടു വെക്കുന്ന യുദ്ധത്തിന്റെ ആത്യന്തികഫലം എന്തിന്റെ പേരിലായാലും സർവനാശമാണ് ഉണ്ടാക്കുക എന്ന കാഴ്ചപ്പാടിലേക്ക് ഈ കൃതി വളരില്ലായിരുന്നുവെന്ന് നമുക്ക് അനുമാനിക്കാം.അശ്വത്ഥാമാവിന്റെ ഇടപെടൽ ആണ് ഇത്തരത്തിൽ കഥാഗതിയെ തന്നെ മാറ്റിമറിച്ചത് എന്ന് ഉറപ്പിച്ച് പറയാം

**10. ''ആ ഹൃദയോന്നതിയ്ക്കു മുമ്പിൽ, ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റു കണ്ണീർ തൂകാതിരിക്കാൻ ആർക്കു കഴിയും''–**

**മുകളിൽ കൊടുത്ത വരികൾ വിശകലനം ചെയ്ത് ദുര്യോധനനെക്കുറിച്ചുള്ള മാരാ**

**രുടെ നിരീക്ഷണം കുറിക്കുക.**

തുടയെല്ല് പൊട്ടി മരണത്തെ മുഖാമുഖം കാണുമ്പോഴും ദുര്യോധനനിൽ പ്രതാപത്തോടെ ഇരുന്ന സമയത്തുള്ള അതേ ധൈര്യവും മനോശക്തിയും അതേപോലെ ഇപ്പോഴും നില നിൽക്കുന്നുവെന്നത് അങ്ങേയറ്റം ആദരവ് തോന്നിക്കുന്ന ഘടകമാണ്.മരിക്കാറായിട്ടും അത്മാഭിമാനം ഒട്ടും കുറയുന്നില്ല. കൃഷ്ണന്റെ പ്രഭാവമറിഞ്ഞിട്ടും തന്റെ കഴിവിൽ അല്പംപോലും സംശയമില്ലാതെ തികച്ചും പ്രൗഢമായ രീതിയിൽ നിലനിൽക്കാനുള്ള ദുര്യോധനന്റെ മനഃശക്തി അഭിനന്ദനാർഹമാണ്.മരണത്തിനടുത്തെത്തുമ്പോൾ എല്ലാവരെക്കുറിച്ചും ഓർക്കുന്നതിനു മുമ്പ് തന്റെ സഹോദരിയെക്കുറിച്ചോർത്ത് വിലപിച്ചതും മാതാപിതാക്കൾ, ഭാര്യ, തന്റെ ബന്ധുക്കൾ എന്നിവരെക്കുറിച്ചോർത്തതും ശ്രദ്ധേയമാണ്. ലോകത്തിൽ തന്നെക്കാൾ മികച്ച ജീവിതവും അവസാനവും മറ്റാർക്കും ഇല്ല എന്ന ദുര്യോധനന്റെ പ്രഖ്യാപനം അയാളിൽ നിറയുന്ന ആത്മോന്നതിയുടെ പ്രതിഫലനമാണ്.

**11. യുദ്ധം തികഞ്ഞ പരാജയമാണെന്ന് യുധിഷ്ഠിരൻ ചിന്തിക്കുന്നതെന്തുകൊണ്ട് ?**

അശ്വത്ഥാമാവും കൂട്ടരും പാണ്ഡവരുടെ മക്കളെയും ബന്ധുക്കളെയും യുദ്ധപാളയത്തിൽ വെച്ച് വധിച്ചു. എന്നറിഞ്ഞപ്പോൾ 18 ദിവസം നീണ്ടുനിന്ന യുദ്ധത്തെക്കുറിച്ച് യുധിഷ്ഠിരൻ ചിന്തിക്കുന്നു. യുദ്ധത്തിനു മുൻപ് ഗുരുക്കന്മാരുടേയും പിതാമഹന്മാരുടേയും സാക്ഷാൽ കൃഷ്ണന്റെയും ഒത്തുചേരലിൽ നിന്ന് യുദ്ധം സംബന്ധിച്ച് പാലിക്കേണ്ട ചില വ്യവസ്ഥകൾ രൂപപ്പെടുത്തിയിരുന്നു. എന്നാൽ യുദ്ധത്തിന്റെ ആദ്യ ദിവസം ഏറെക്കുറെ പാലിക്കപ്പെട്ട ഈ വ്യവസ്ഥകളെല്ലാം യുദ്ധാവസാനമാകുമ്പോഴേക്കും പൂർണ്ണമായും തിരസ്കരിക്കപ്പെട്ടു. കൗരവപക്ഷത്തുള്ള മഹാരഥൻമാരെയെല്ലാം ചതിപ്രയോഗത്തിലൂടെയാണ് വീഴ്ത്തിയതെന്ന് യുധിഷ്ഠിരനറിയാം. ഒരുപക്ഷെ ദ്രോണരുടെ മരണത്തിന് താനായിരുന്നല്ലോ കാരണമെന്നുപോലും യുധിഷ്ഠിരൻ ചിന്തിച്ചിട്ടുണ്ടാവാം. യുദ്ധത്തിന്റെ നേരും നെറിയും ലംഘിച്ചത് പാണ്ഡവരായിരുന്നു. മഹാവിജയമെന്നു കരുതി നേടിയ ഈ വിജയം ഒന്നു പകൽ വെളിച്ചത്തിൽ കാണാൻപോലും കഴിയാത്തതരത്തിൽ മഹാപരാജയമായി. മാത്രമല്ല കൗരവപക്ഷത്തുള്ളവരിൽ പലരും സ്വർഗ്ഗത്തിൽ പ്രവേശിച്ചതും ധർമ്മപക്ഷമെന്ന് കൊട്ടിഘോഷിച്ച് ഞെളിഞ്ഞിരിക്കുമ്പോൾ ഇത്തരത്തിൽ ഒരു തിരിച്ചടിയുണ്ടായതും ആലോചിക്കുമ്പോൾ യുദ്ധം തികഞ്ഞ പരാജയമായിരുന്നു എന്ന് യുധിഷ്ഠിരൻ തിരിച്ചറിയുന്നു.

**12.വിഷത്തേക്കാൾ വർജ്യമാവും**
**നരചിത്തം ദുഷിക്കുകിൽ**
**ഈ വരികളിൽ തെളിയുന്ന ആശയം പാഠഭാഗത്തെ ഉചിതമായ ഒരു സന്ദർഭവുമായി ബന്ധപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക ?**

മനുഷ്യമനസ്സ് ദുഷ്ടതകൊണ്ട് നിറഞ്ഞാൽ അത് വിഷത്തേക്കാൾ ദോഷം ചെയ്യും. അതുകൊണ്ട് ഇത്തരക്കാരെ അകറ്റി നിർത്തേണ്ടതുണ്ട്. ദുഷിച്ച മനുഷ്യമനസ്സ് എല്ലാത്തിനെയും നശിപ്പിക്കും. മനുഷ്യരെ മാത്രമല്ല സംസ്കാരം ഈടുവയ്പ്പുകൾ, പരിസ്ഥിതി, ഭൂമി എന്നിവയെല്ലാം അവർ തകർത്തെറിയും. ദുഷ്ടത നിറഞ്ഞ മനസ്സിന്റെ ഉടമ പിശാചിനെപ്പോലെയാണ് പ്രവർത്തിക്കുക. പാഠഭാഗത്ത് തന്റെ പിതാവിനെ കൊന്നവരോടുള്ള പക അശ്വത്ഥാമാവിൽ നിറയുന്നത് ഇതിനുദാഹരണമാണ്. ധൃഷ്ടദ്യുമ്നനോടുള്ള പകയാണ് പാണ്ഡവപക്ഷത്തോടുള്ള പകയായി നിറയുന്നത്. അതുകൊണ്ട് തന്നെ ദ്രൗണി പാണ്ഡവകുടീരത്തിൽ കയറി അറുകൊല ചെയ്യുന്നു. തന്റെ മുഖ്യ ശത്രുവിനെ മാത്രമല്ല ജീവനുവേണ്ടി യാചിക്കുന്നവരെപ്പോലും വെറുതെ വിടാൻ അയാൾ തയ്യാറായിരുന്നില്ല. വെട്ടിവീഴ്ത്തപ്പെട്ടവരുടെ ചോരതെറിച്ച് അയാളെ ഒരു പിശാചിനെപോലെ തോന്നിച്ചു. മൂന്നുലോകവും നശിപ്പിക്കാൻ കഴിവുള്ള ബ്രഹ്മശിരസ്സ് എന്ന അസ്ത്രം ഇയാൾ പ്രയോഗിച്ചതുതന്നെ അശ്വത്ഥാമാവിന്റെ മനസ്സിന്റെ തെളിവാണ്. ഇന്നുവരെ ആരും പ്രയോഗിക്കാത്ത ഈ അസ്ത്രം പ്രയോഗിക്കാൻ കഴിയുന്നത്രയും ദുഷ്ടതയിലേക്ക് അശ്വത്ഥാമാവ് പൂർണ്ണ

മായും മാറിയിരുന്നു. അതുകൊണ്ട് തന്നെയാണ് മനുഷ്യമനസ്സ് ദുഷിച്ചു കഴിഞ്ഞാൽ അത് വിഷത്തേക്കാൾ ഭീകരമായിരിക്കും എന്ന് വ്യാസൻ നമ്മോട് പറയുന്നത്.

**13. "രാജാവിന്റെ ഈ വിലാപം കേട്ട ജനസഹസ്രങ്ങൾ കണ്ണും നിറച്ച് അങ്ങുമിങ്ങും പാഞ്ഞുപോയി"- ഈ അവസ്ഥ വിശകലനം ചെയ്ത് ജനങ്ങൾക്ക് ദുര്യോധനനോടുള്ള മനോഭാവം വ്യക്തമാക്കുക.**

പാണ്ഡവർ ശത്രുവിനു തുല്യം കണ്ട രാജാവായിരുന്നു ദുര്യോധനനെങ്കിലും പ്രജകൾക്കിടയിൽ ഇദ്ദേഹത്തിന് വലിയ സ്ഥാനമുണ്ടായിരുന്നുവെന്ന് അവരുടെ ദുഃഖത്തിൽ നിന്നും മനസ്സിലാക്കാം. പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ പോലും അദ്ദേഹത്തിന്റെ മഹത്വത്തിനുള്ള സൂചനയാണ്.

**14. "അതിനെ, അവനെ, എപ്പോഴും കരുതിയിരിക്കുക എന്ന താക്കീതാണ് അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവ്വവ്യാപിയുമായി കല്പിച്ചതിനർത്ഥം."- കുട്ടികൃഷ്ണമാരാരുടെ ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം എഴുതുക.**

ഭാരതപര്യടനത്തിൽ അശ്വത്ഥാമാവിനെ പകയുടെ പ്രതീകമായിട്ടാണ് മാരാർ വിലയിരുത്തുന്നത്. അശ്വത്ഥാമാവാണ് കൂട്ടക്കുരുതിയിലൂടെ കുരുക്ഷേത്രയുദ്ധത്തെ ഭീകരാന്ത്യത്തിലേക്ക് നയിച്ചത്. ശപിക്കപ്പെട്ടവൻ എന്ന വാക്കിന് പൂർണാർഥത്തിൽ അർഹനാണ് അശ്വത്ഥാമാവ്. സ്നേഹവും സൗഹൃദവും തകർക്കുന്ന ശക്തമായ പകയും വിദ്വേഷവും അശ്വത്ഥമാവിൽ നിറഞ്ഞിരിക്കുന്നു. മനുഷ്യ മനസ്സിൽ കുടികൊള്ളുന്ന പകയുടെ പ്രതീകമായ് മാരാർ അശ്വത്ഥമാവിനെ വിശേഷിപ്പിച്ചിട്ടുണ്ട്. വെറുപ്പ്, പക തുടങ്ങിയ ഘടകങ്ങളെല്ലാം സൃഷ്ടിച്ച കൊടിയ ദുരിതങ്ങൾ നാം ചരിത്രത്തിൽ ദർശിച്ചതാണ്. ചിരഞ്ജീവിയായ അശ്വത്ഥാമാവിന്റെ പക തന്നെയാണ് ഇന്നും മനുഷ്യ മനസ്സിൽ കുടികൊള്ളുന്നത്. സ്നേഹം കൊണ്ട് ഒന്നായവർ പോലും പകയ്ക്ക് അടിമയാകുമ്പോൾ പരസ്പരം അകന്നുപോകുന്നു. താൻ നശിച്ചാലും വേണ്ടില്ല തന്റെ ശത്രുവിന്റെ വംശം മുടിയണമെന്ന വാശിയാണ് പകയുടെ ബാക്കി പത്രം. അതുകൊണ്ട് അശ്വത്ഥാമാവ് എന്നാൽ പക എന്ന അർത്ഥത്തിലാണ് അതിനെ എന്ന് പ്രയോഗിച്ചത്. മാത്രമല്ല ഈ പകയെ നമ്മുടെ ശാന്തിയും സമാധാനവും തകർക്കുന്നതുകൊണ്ടും ലോകാവസാനം വരെ നിലനിൽക്കുമെന്നുള്ളതുകൊണ്ടുമാണ് ഇതിനെ എപ്പോഴും എവിടെയും കരുതിയിരിക്കണമെന്ന് കുട്ടികൃഷ്ണമാരാർ പറയുന്നത്.

**15. മഹാഭാരതത്തിന്റെ രചനാ ലക്ഷ്യത്തെക്കുറിച്ച് മാരാർ പറയുന്നതെന്ത് ?**

മനുഷ്യ ചരിത്രത്തിൽ യുദ്ധം വരുത്തിവെയ്ക്കുന്ന ഭയങ്കര ദുരന്തത്തെ എടുത്തു കാണിക്കാൻ വേണ്ടിയാണ് മഹാഭാരതം രചിയ്ക്കപ്പെട്ടത് എന്ന് മാരാർ മഹാഭരതത്തിന്റെ ആശയത്തെ വിലയിരുത്തുന്നു.

**16. മഹാഭാരതപ്രമേയത്തിന്റെയും പാശ്ചാത്യസാഹിത്യത്തിലെ ഇതിഹാസത്തിന്റെയും ലക്ഷ്യത്തെക്കുറിച്ചുള്ള മാരാരുടെ നിരീക്ഷണമെന്ത് ?**

മനുഷ്യ ചരിത്രത്തിൽ യുദ്ധം വരുത്തിവെയ്ക്കുന്ന ഭയങ്കര ദുരന്തത്തെ എടുത്തു കാണിക്കാൻ വേണ്ടിയാണ് മഹാഭാരതം രചിയ്ക്കപ്പെട്ടത് എന്ന് മാരാർ മഹാഭരതത്തിന്റെ ആശയത്തെ വിലയിരുത്തുന്നു.എന്നാൽ പാശ്ചാത്യ സാഹിത്യത്തിൽ ചില യുദ്ധവീരൻമാരുടെ പരാക്രമം വർണിക്കുവാനാണ് ശ്രമിച്ചിരിക്കുന്നത് എന്നാണ് മാരാരുടെ അഭിപ്രായം.

**17. ആ നിശ്ചയം നിറവേറ്റുവാൻ അവൾ ഭീമനെ പ്രേരിപ്പിച്ചു- ആര് ? നിശ്ചയം എന്ത് ?**

അശ്വത്ഥാമാവിന്റ കൊടും ക്രൂരതയറിഞ്ഞ് ദ്രൗപതി മോഹാലസ്യപ്പെട്ടു. ഈ യാതനയുടെ പകരം വീട്ടലായി ദ്രൗണിയുടെ ശിരസ്സിലുള്ള ചൂഡാമണി കൊണ്ടു വന്ന് യുധിഷ്ഠിരന്റെ

ശിരസ്സിലണിഞ്ഞു കാണണം എന്നതായിരുന്നു ദ്രൗപതിയുടെ തീരുമാനം അല്ലെങ്കിൽ താൻ മരണം വരെ നിരാഹാരം അനുഷ്ഠിക്കുമെന്നും അവൾ പ്രതിജ്ഞ ചെയ്തു. ഇത് നിറവേറ്റുവാൻ ഭീമനെ ദ്രൗപതി പ്രേരിപ്പിക്കുകയും ചെയ്തു.

**18. അശ്വത്ഥാമാവിന്റെ കൊടും ക്രൂരതയറിഞ്ഞ് കുപിതയായ ദ്രൗപതിയുടെ വാക്കുകൾ വിലയിരുത്തുക.**

യുദ്ധത്തിന്റെ യഥാർത്ഥ ഇരകൾ എന്നും സ്ത്രീകളും കുട്ടികളുമായിരുന്നു.മഹാഭാരതത്തിൽ സുഭദ്രയും ഗാന്ധാരിയും ദ്രൗപതിയുമെല്ലാം ഇത്തരത്തിലുള്ള അനുഭവങ്ങൾ പേറിയവരാണ്. മക്കൾ ക്ഷത്രിയ ധർമ്മമനുസരിച്ച് വീണു പോയെങ്കിലും ഒരു രാജ്യം മുഴുവൻ വെട്ടിപ്പിടിച്ചതിൽ ആശ്വസിച്ച് നിങ്ങൾക്ക് കഴിയാം എന്നാണ് ഭർത്താക്കൻമാരെ ദ്രൗപതി പരിഹസിക്കുന്നത്. . അഭിമന്യു മരിച്ചത് മറന്ന് അർജ്ജുനന് തന്നോടൊപ്പം സുഖമായി ജീവിക്കാം. .എന്നാൽ ഒരു അമ്മയെ സംബന്ധിച്ച് ഇത് സാധ്യമല്ലെന്ന സത്യം ദ്രൗപതി വ്യക്തമാക്കുന്നു. തനിക്കിത് സഹിക്കാൻ കഴിയില്ല എന്നാണ് ദ്രൗപതി പറയുന്നത്. ഏതു കാലത്തു നടക്കുന്ന യുദ്ധത്തിലും മക്കൾ നഷ്ടപ്പെട്ട എല്ലാ അമ്മമാരുടെയും അവസ്ഥ ഇതുതന്നെയാണ്.

**19. സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ടു വരുന്ന കച്ചവടക്കാരൻ ഒരു കൈത്തോട്ടിൽ വെച്ച് മുങ്ങിപ്പോയി- മാരാരുടെ ഈ അഭിപ്രായത്തിന്റെ ഔചിത്യം പരിശോധിക്കുക.**

സങ്കീർണമായ യുദ്ധത്തിൽ അവസാനം വരെ സർവ്വ തന്ത്രങ്ങളും പ്രയോഗിച്ച് അധർമയുദ്ധത്തിലൂടെയാണെങ്കിലും വിജയത്തിലെത്തിയവരാണ് പാണ്ഡവർ. അങ്ങേയറ്റം കരുത്തരായ യോദ്ധാക്കളായിരുന്നു മറു പക്ഷത്തുണ്ടായിരുന്നത്. ഇവരെയെല്ലാം കീഴടക്കി വല്ലപാടും നേടിയ വിജയമാണ് പാണ്ഡവരുടേത്. പരാജയം സംഭവിക്കാനുള്ള ഏറ്റവും വലിയ സാധ്യത ഈ യുദ്ധഭൂമിയിലുണ്ടായിരുന്നു. എന്നാൽ എല്ലാം ശാന്തമായെന്നു കരുതുമ്പോഴാണ്. അപ്രതീക്ഷിതമായ ഈ തകർച്ച സംഭവിക്കുന്നത്. ശക്തമായ സമുദ്രത്തിൽ തകരാത്ത കപ്പൽ കൈത്തോട്ടിൽ വെച്ച് തകർന്നതിനോട് ഈ അവസ്ഥയെ മാരാർ സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

**19. സുയോധനൻ, ദുര്യോധനൻ എന്നീ പേരുകളിൽ ദുര്യോധനനെ വിശേഷിപ്പിക്കുന്നതിന്റെ ഔചിത്യമെന്ത് ?**

അധർമ്മം പ്രവർത്തിക്കാതെ ശരിയായ രീതിയിൽ യുദ്ധം ചെയ്തവനാണ് ദുര്യോധനൻ. അതുകൊണ്ട് തന്നെ സുയോധനൻ എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നു. എന്നാൽ തെറ്റായ മാർഗത്തിലൂടെ യുദ്ധം ചെയ്യുന്നവൻ എന്ന അർത്ഥത്തിൽ ഈ കഥാപാത്രത്തിന് ദുര്യോധനൻ എന്നും പേര് നൽകിയതു കാണാം.ഒരേ കഥാപാത്രത്തെ തന്നെയാണ് ഇത്തരത്തിൽ രണ്ട് പേരിൽ വിളിക്കുന്നത്. ഇത് മനുഷ്യമനസ്സിൽ രൂപം കൊള്ളുന്ന വ്യത്യസ്ത ഭാവങ്ങളെ സൂചിപ്പിക്കാൻ സഹായിക്കുന്നു.

**19. അശ്വത്ഥാമാവ് എന്ന കഥാപാത്രത്തിന്റെ സ്വഭാവനിരൂപണം തയ്യാറാക്കുക ?**

**അല്ലെങ്കിൽ**

**മാരാർ ചൂണ്ടിക്കാണിച്ച അശ്വത്ഥാമാവിന്റെ സ്വഭാവ സവിശേഷതകൾ പരിഗണിച്ച് കഥാപാത്ര നിരൂപണം തയാറാക്കുക**

പകയും വിദ്വേഷവും നിറയുന്ന കഥാപാത്രങ്ങളുടെ ഒടുക്കം എങ്ങനെയായിരിക്കാം എന്ന് വായനക്കാരനെ ബോധ്യപ്പെടുത്തുന്ന കഥാപാത്രമാണ് ദ്രോണപുത്രനായ അശ്വത്ഥാമാവ്. തുട തകർന്ന് ചോരയൊലിപ്പിച്ചുള്ള ദുര്യോധനന്റെ പ്രാണവേദന കണ്ടപ്പോൾ അശ്വത്ഥാമാവിന് തന്റെ പിതാവിന്റെ മരണത്തേക്കാൾ സങ്കടമനുഭവപ്പെട്ടു.തികഞ്ഞ ക്രോധത്തിന് അടിമപ്പെട്ട അശ്വത്ഥാമാവ് താൻ ഇതിനു പകരം വീട്ടുമെന്ന് ദുര്യോധനന് ഉറപ്പുകൊടുത്തു. അയാളുടെ സംഹാരതാണ്ഡവത്തിന്റെ നേർചിത്രം ധൃഷ്ടദ്യുമ്നന്റെ വധത്തിലൂടെ നമുക്ക് കാണാം. ശിബിരത്തിലു

ള്ളവരെ വെട്ടിക്കൊന്ന് ചോരയിൽക്കുളിച്ച പൈശാചിക ഭാവം അശ്വത്ഥാമാവിനെ പകയുടെ പ്രതീകമാക്കി. പാണ്ഡവരുടെ ശിബിരദ്വാരത്തിൽ നിന്നും രക്ഷപ്പെടുന്നവരെ നിങ്ങൾ വെറുതെ വിടരുതെന്ന് കൃപരോടും കൃതവർമാവിനോടും പറയുന്നതിലൂടെ ഈ പകതന്നെയാണ് തെളിയുന്നത്. പാണ്ഡവവംശത്തിലെ അവസാന കണ്ണിയേയും ഇല്ലാതാക്കാനുള്ള ചിന്ത അശ്വത്ഥാമാവിൽ നിറഞ്ഞു നിന്നു. തന്റെ പിതാവുപോലും ഉപയോഗിക്കാത്ത ബ്രഹ്മാസ്ത്രം ഉപയോഗിക്കാൻ തയറായതും ബ്രഹ്മചര്യം വ്രതം അനുഷ്ഠിക്കാത്തതിനാൽ ബ്രഹ്മാസ്ത്രം പിൻവലിക്കാൻ കഴിയാതെ അശ്വത്ഥാമാവ് ബുദ്ധിമുട്ടുന്നതും കാണാം. ഒടുക്കം അഭിമന്യുവിന്റെ ഭാര്യ ഉത്തരയുടെ ഗർഭപാത്രത്തിൽ വളരുന്ന കുഞ്ഞിനെക്കൊന്ന് സംതൃപ്തനാവുകയാണ് അശ്വത്ഥാമാവ്.അതുവഴി എതിരാളിക്ക് മൂലച്ഛേദം വരുത്തിയേ തീരൂ എന്ന അയാളുടെ വാശിയാണ് നിറവേറ്റപ്പെട്ടത് .വ്യാസനും താനും പറഞ്ഞത് കേൾക്കാതെ നിരപരാധിയായ കുഞ്ഞിനെ കൊന്നതിനാൽ ഈ ഭൂമിയിൽ നരകയാതനയനുഭവിച്ച് ചിരഞ്ജീവിയായി ജീവിക്കട്ടെ എന്ന് കൃഷ്ണൻ അയാളെ ശപിച്ചു. എന്നാൽ അതിനെ മനസ്സാസ്വീകരിച്ചുകൊണ്ട് വ്യാസനോടുകൂടി താനും ഈ ഭൂമിയിൽ ജീവിച്ചുകൊള്ളാം എന്നും ഭഗവാൻ പുരുഷോത്തമൻ സത്യവാക്കായ്കൊള്ളട്ടെ എന്നും പറഞ്ഞ് ചൂഢാമണിയും കൊടുത്ത് അയാൾ കാടുകയറുകയാണ്. ആ അശ്വത്ഥാമാവ് ഇന്നും ചിരഞ്ജീവിയായി ഭൂമിയിൽ തുടരുന്നു.

**ശ്രീനേഷ്.എൻ**

**എച്ച്.എസ്.ടി മലയാളം**

**ജി.എച്ച്.എസ്.പേരാമ്പ്ര പ്ലാന്റേഷൻ**

**പേരാമ്പ്ര-കോഴിക്കോട്**